'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4146

24.06.2019 ൽ മറുപടിയ്ക്ക്

### നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന ഭൂമി

| | ചോദ്യം<br>ശ്രീ.പി.വി. അൻവർ | | മറുപടി<br>അഡ്വ. കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന ഭൂമി റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുണ്ടോ; | (എ) | ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത ഭൂമി റിസർവ് വനമായി പ്രഖ്യാപിക്കുന്നതിന് 16.09.2014 തീയതിയിൽ നൽകിയ പ്രൊപ്പോ സലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രൊപ്പോസലിൽ 0.0660 ഹെക്ടർ ഭൂമി ഒഴിവാക്കി യാണോ വിജ്ഞാപനത്തിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന ഭൂമി കേരള വനനിയമം, 1961 സെക്ഷൻ (4) പ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതി നുള്ള പ്രൊപ്പോസൽ 18.12.2014 തീയതിയിലെ പ്രൊ(10)40147/14 നമ്പർ കത്ത് പ്രകാരം ആണ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) ന്റെ ഓഫീസിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളത്. ആകെ വിസ്തീർണ്ണമായ 3.3860 ഹെക്ടറിൽ നിന്ന് 0.1640 ഹെക്ടർ ഒഴിവാക്കി 3.222 ഹെക്ടർ ഭൂമിക്കാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. |
| (സി) | സി.എൻ.ജി റോഡിനോട് ചേർന്ന് ഫോറസ്റ്റ് കോംപ്ലക്സിന്റെ മുൻവശത്ത് രണ്ട് മീറ്റർ വീതിയിൽ ഭൂമി ഒഴിവാക്കിയാണോ പ്രൊപ്പോസൽ സമർപ്പിച്ചി ട്ടുള്ളത്; വിശദമാക്കാമോ? | (സി) | സി.എൻ.ജി. റോഡിനോട് ചേർന്ന് 2 മീറ്റർ ഭൂമി ഒഴിവാക്കിയാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടു ള്ളത്. |

സെക്ഷൻ ഓഫീസർ